# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2906** **13.03.2020-ൽ മറുപടിയ്ക്ക്**

**മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡുപ്രവൃത്തികൾക്ക് 1000.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 റോഡ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു റോഡുപ്രവൃത്തിയുടെ ഭരണാനുമതി (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്.<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രസ്തുത മാർക്കറ്റുകളുടെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

## പൂർത്തീകരിച്ച പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | വള്ളികുന്നം പഞ്ചായത്തിലെ വിവേകാനന്ദ ജംഗ് ഷൻ മാവോലിമുക്ക് റ്റി.എ. കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി 15.02.2018 ൽ പൂർത്തീകരിച്ചു. |
| 2 | വള്ളികുന്നം - പള്ളിക്കത്തറ – കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി15.02.2018 ൽ പൂർത്തീകരിച്ചു. |
| 3 | ആശാൻമുക്ക് ഏലിയാസ് നഗർ റോഡ് – നൂറനാട് പഞ്ചായത്ത് | 22.79 | പ്രവൃത്തി 25.10.2018 ൽ പൂർത്തീകരിച്ചു. |
| 4 | വള്ളിക്കുന്നം കാഞ്ഞിരത്തുമൂട് പുത്തൻചന്ത റോഡ് | 46.00 | പ്രവൃത്തി 17.04.2019 ൽ പൂർത്തീകരിച്ചു. |

## പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ

| | | |
|---|---|---|
| 1 | കല്ലിക്കുന്നിൽമുക്ക് കുമ്പിളിമല പള്ളിറോഡ് – നൂറനാട് പഞ്ചായത്ത് | 77.91 ലക്ഷം. 30/04/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | പുലിമേൽ ചുനക്കര ബണ്ട് റോഡ്, നൂറനാട് പഞ്ചായത്ത്. | 104.00 ലക്ഷം. 31/03/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3 | താമരക്കുളം ജംഗ് ഷൻ നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 ലക്ഷം. 15/03/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | തഴക്കരപഞ്ചായത്ത് അയ്യൻകോവിലാർ അക്വാഡക്റ്റ് മാങ്കുഴി കോട്ടമുക്ക് ജംഗ് ഷൻ | 66.00 ലക്ഷം. 13/02/2020 ൽ കരാറിലേർപ്പെട്ടു. 6 മാസമാണ് പൂർത്തീകരണ കാലാവധി. |

**സാങ്കേതികാനുമതി നൽകുവാനുള്ള പ്രവൃത്തികൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | തഴക്കരപഞ്ചായത്ത്- വെട്ടിയാർ പാലം ആറ്റുതീരംറോഡ് | 111.00 | 28/01/2020 തീയതിയിൽ ബഹു. മാവേലിക്കര എം.എൽ. എ പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും എസ്റ്റിമേറ്റ് സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. ബഹു. എം.എൽ.എ യുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. |
| 2 | നൂറനാട് പഞ്ചായത്ത് പടനിലം ഫിഷ് മാർക്കറ്റ് പറയാകുളം ജംഗ് ഷൻ | 109.00 | |
| 3 | മന്ദാലിൽക്ഷേത്രം നിരവിനാൽ കോളനി റോഡ് തഴക്കരപഞ്ചായത്ത് | 101.00 | |
| 4 | തെക്കേക്കര പഞ്ചായത്തിലെ മാളിയേക്കൽ LPS- തെക്കെ ജംഗ് ഷൻ - കന്നത്ത് റോഡ് | 63.00 | |
| 5 | പ്രായിക്കര - അച്ചൻകോവിലാർ തീരദേശറോഡ് | 76.00 | മൂന്ന്തവണ ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**